**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2673** **17-03-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കണക്ഷനുകളുടെ ഉടമസ്ഥാവകാശം മാറ്റുന്നതിന് ഏകജാലക സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി കണക്ഷനുകളുടെ ഉടമസ്ഥാവകാശം മാറ്റുന്നതിന് പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ജനങ്ങൾ ഓഫീസുകളിൽ കയറിയിറങ്ങാൻ ഇടയാക്കാതെ തന്നെ ഉടമസ്ഥാവകാശം മാറ്റുന്നതിന് വകുപ്പുകളെ തമ്മിൽ ഏകോപിപ്പിച്ച് കൊണ്ട് ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) | ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യം കെ.എസ്.ഇ.ബി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി ഓഫീസിൽ പോകാതെ തന്നെ ഫോൺ മുഖാന്തരം അപേക്ഷ രജിസ്റ്റർ ചെയ്യാനുള്ള വാതിൽ പടി സംവിധാനവും നിലവിൽ ഉണ്ട്. ഇതിൻ പ്രകാരം രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ വീട്ടിൽ എത്തി ആവശ്യമായ രേഖകൾ സ്വീകരിക്കുന്നതാണ്. ഇതിനായി ഉപഭോക്താവ് കെ.എസ്.ഇ.ബി ഓഫീസിൽ പോകേണ്ടതില്ല. വിവിധ വകുപ്പുകളെ ഏകോപിച്ചു കൊണ്ടുള്ള ഏകജാലകം സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യത്തിൽ പരിശോധിച്ച് തീരുമാനമെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ